# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ -13) വകുപ്പ്

നം.112/എ.ആർ 13(2)/18/ഉ.ഭ.പ.വ

തിരുവനന്തപുരം, തീയതി, 18/05/2018

## സർക്കുലർ

വിഷയം:- സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദേശം സംബന്ധിച്ച്

ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ റോയൽ കവടിയാർ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് സമർപ്പിച്ച പരാതിയിന്മേൽ എച്ച്. ആർ. എം. പി. 3057/2018 നമ്പരായി 24.3.2018 തീയതിയിൽ ബഹു. കമ്മീഷൻ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൻ പ്രകാരം ടി വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാർ ഓഫീസ് സമയത്ത് കുട്ടികളെ കൂടെകൊണ്ട് വരികയും ഒപ്പം ഇരുത്തുകയും ചെയ്യുന്നത് കൊണ്ട് വിലപ്പെട്ട ഓഫീസ് സമയം നഷ്ടപ്പെടുന്നതോടൊപ്പം കുട്ടികളുടെ വ്യക്തിത്വ വികസനം ഹനിക്കപ്പെടുന്നതായും ഓഫീസ് ഉപകരണങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായും ആരോപണം ഉയർന്ന സാഹചര്യത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പുമേധാവികൾ ഉദ്യോഗസ്ഥർക്കു കർശന നിർദേശം നൽകി ഓഫീസ് സമയത്ത് ജീവനക്കാർ കുട്ടികളെ ഓഫീസിൽകൂടെകൊണ്ട്

വരുന്ന പ്രവണത നിയന്ത്രിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**പോൾ ആന്റണി**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി,ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പോലീസ് വകുപ്പ്

കേരളം

**Endt No C4(a)-79067/2018/PHQ തീയതി. 04-06-2018**

സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തി സമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദേശം ഉള്ളടക്കം ചെയ്ത ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ .ആർ ) വകുപ്പിൽ നിന്നും ലഭിച്ച സർക്കുലർ അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു .

പകർപ്പ് . ലിസ്റ്റ് ബി ഉദ്യോഗസ്ഥർക്കും
പി എച്ച് ക്യൂവിലെ എല്ലാ അംഗങ്ങൾക്കും , സ്റ്റാഫ് ഓഫീസർമാരുടെ സി എ മാർക്കും അറിവിലേക്കായി

ഷീബ എസ്
ജൂനിയർ സൂപ്രണ്ട്
For State Police Chief
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം
phq.pol@kerala.gov.in
04712721547

പോലീസ് വകുപ്പ്

കേരളം

**<u>Endt No G1(a)-26425/2018/ID തീയതി. 12-06-2018</u>**

സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവൃത്തി ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദേശം ഉള്ളടക്കം ചെയ്ത ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ) വകുപ്പിൽ നിന്നും ലഭിച്ച സർക്കുലർ എല്ലാ ഓഫീസർമാരുടെയും അറിവിലേക്കായി അയച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
For District Police Chief
ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി
spidk.pol@kerala.gov.in
04862232354

Internal Administrative Processing System
iAPS
KERALA POLICE